റേഷൻകാർഡ് ലഭിക്കാത്ത ആദിവാസി കുടുംബങ്ങൾ

1232 [2206] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് താലൂക്കിലെ ഗിരിജൻ കേന്ദ്രങ്ങളിൽ റേഷൻ കാർഡ് ലഭ്യമാകാത്ത ഒട്ടേറെ ആദിവാസി കുടുംബങ്ങൾ ഉണ്ടെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഉണ്ട്. നെടുമങ്ങാട് താലൂക്കിൽ കോട്ടൂർ ഭാഗത്ത് ചില ഗിരിജനങ്ങൾക്ക് റേഷൻ കാർഡ് കിട്ടിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നെടുമങ്ങാട് താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർ മുഖാന്തിരം ഡിക്ലറേഷൻ ഫോറം നൽകുകയും അതനുസരിച്ച് ഫോറം പൂരിപ്പിച്ച് മടക്കി സപ്ലൈ ഓഫീസിൽ ഏൽപ്പിച്ച വർക്ക് റേഷൻ കാർഡുകളും നൽകുകയും ചെയ്തിട്ടുണ്ട്. ഡിക്ലറേഷൻ പൂരിപ്പിച്ച് തിരികെ കിട്ടുന്ന മുറയ്ക്ക് കാർഡ് കിട്ടാത്തവർക്ക് കാർഡുകളും നൽകുന്നതാണ്.

ഇടമലയാർ പദ്ധതിയിലെ ടണലിന്റെ ചോർച്ച

1233 [2208] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ പദ്ധതിയിലെ ടണലിന്റെ ചോർച്ചയെക്കുറിച്ച് അന്വേഷിക്കുന്ന കമ്മീഷൻ എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) കമ്മീഷനെ സഹായിക്കുന്ന സാങ്കേതിക വിദഗ്ദ്ധർ ആരൊക്കെയാണ്;

(സി) കമ്മീഷൻ ഇടക്കാല റിപ്പോർട്ട് നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) അന്വേഷണ കമ്മീഷൻ 21-12-1985 മുതൽ ആറുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പിന്നീട് ഈ കാലാവധി 21-12-1985 മുതൽ ഒരു വർഷമായി ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) ശ്രീ. എസ്. ജി. ബാലകുമാർ (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, കർണ്ണാടക)യാണ് കമ്മീഷനെ സഹായിക്കാനായി നിയമിച്ചിട്ടുള്ള സാങ്കേതിക വിദഗ്ദ്ധൻ.

(സി) ഇല്ല

ഗ്രാമീണ വൈദ്യുതീകരണ കോർപ്പറേഷന്റെ സഹായം

1234 [2209] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ഇ. സി. യുടെ സഹായം തിരുവനന്തപുരം ജില്ലയിലെ മലയോര പ്രദേശങ്ങൾക്ക് പ്രയോജനപ്പെടത്തക്കവിധം ലഭ്യമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ പ്രസ്തുത സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ), (ബി) ഉണ്ട്. 1981–82-ൽ 41 ലക്ഷം രൂപയ്ക്കുള്ള ഒരു പദ്ധതിയ്ക്കും 1984–85-ൽ 80 ലക്ഷം രൂപയ്ക്കുള്ള ഒരു പദ്ധതിയ്ക്കും 1985–86-ൽ 150.70 ലക്ഷം രൂപയ്ക്കുള്ള രണ്ടു പദ്ധതികൾക്കും ഗ്രാമീണ വൈദ്യുതീകരണ കോർപ്പറേഷൻ ധനസഹായം നൽകിയിട്ടുണ്ട്. ഇവയിൽ 1981–82-ലും 1984–85-ലും അനുവദിച്ച രണ്ടു പദ്ധതികളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 1985–86-ൽ അനുവദിച്ച രണ്ടു പദ്ധതികളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ ജില്ലയിലുള്ള മലയോരപ്രദേശങ്ങളും പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. ഇവയ്ക്കുപുറമെ ഈ വർഷം മൂന്നു പദ്ധതികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ വർഷം വൈദ്യുതീകരിച്ച ഗ്രാമങ്ങൾ

1235 [2210] ശ്രീ. എം. കെ. കേശവൻ:
,, പി. കുമാരൻ:
,, കാനം രാജേന്ദ്രൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം എത്ര ഗ്രാമങ്ങൾ വൈദ്യുതീകരിച്ചു;

(ബി) ഇതിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ ഭവനങ്ങൾക്ക് കണക്ഷൻ നൽകി;

(സി) ഈ വർഷം എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിക്കുവാനാണ് പരിപാടിയുള്ളത് ?

ഉത്തരം

(എ) 1971-ലെ കനേഷുമാരി കണക്കനുസരിച്ചുള്ള എല്ലാ ഗ്രാമങ്ങളിലും 1979-80 വർഷത്തോടുകൂടി വൈദ്യുതി എത്തിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) 1985–86-ൽ 3579 പട്ടികജാതി—പട്ടികവർഗ്ഗ ഭവനങ്ങൾക്ക് വൈദ്യുത കണക്ഷൻ നൽകി.

(സി) 350 പട്ടികജാതി കോളനികളും 50 പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിക്കാൻ ഈ വർഷം പരിപാടിയുണ്ട്.

വാമനപുരം മണ്ഡലത്തിലെ ഹരിജൻ കോളനികളുടെ വൈദ്യുതീകരണം

1236 [2213] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട നെല്ലനാട് പഞ്ചായത്തിലെ വെട്ടുവിള ഹരിജൻ കോളനിയും, മുക്കന്നൂർ പള്ളിവിള ഹരിജൻ കോള

LIBRARY ARCHIVES Kerala Legislative Assembly